ത്തിയിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുകയാണ്. ഇതുവരെയും ഇതു സംബന്ധിച്ച കേസ് ചാർജ് ചെയ്തിട്ടില്ല. ഈ കഴിഞ്ഞ നിയമസഭാ സമ്മേളനം നടക്കുമ്പോൾ ഒരു ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചത് 'കേസിന്റെ അന്വേഷണം പൂർത്തിയായി ചാർജ്കൊടുക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു' എന്നാണ്. ആറുമാസത്തോളമായിട്ടും ഇതുവരെയും കേസ് ചാർജ് ചെയ്തിട്ടില്ല. മദ്ധ്യതിരുവിതാംകൂറിലെ എല്ലാവിഭാഗം ജനങ്ങളെയും രോഷാകുലരാക്കിയ ഒരു സംഭവമാണ് ജോസ് സെബാസ്റ്റ്യൻ കൊലപാതകം. കേസ് ചാർജ് ചെയ്തു കൊടുക്കാതെ കാലതാമസം വരുത്തുന്നത് ലഭ്യമായ തെളിവുകൾ നേച്ചുമാച്ചുകളയാനും കൊലയാളികളെ എങ്ങനെയും രക്ഷപ്പെടുത്തുവാനുമുള്ള ഹീനമായ ശ്രമമല്ലാതെ മറ്റൊന്നുമല്ല. കൊലപാതകികളെ രക്ഷിക്കുവാനാണ് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത നയമെങ്കിൽ മുഖ്യമന്ത്രി അക്കാര്യം തുറന്നു പറയണം. ഒരു കൊല്ലം കഴിഞ്ഞിട്ടും ഈ കേസ് ചാർജ് ചെയ്തു കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്നു പറഞ്ഞാൽ നിയമനടപടികൾ എങ്ങനെ വളച്ചൊടിക്കപ്പെടുന്നു എന്ന് വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ഈ കേസ് ഉടൻ ചാർജ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആയിരക്കണക്കിന് ആളുകൾ ചേർന്ന് ഒരു സ്റ്റേറ്റ്മെന്റ് നടത്തുകയാണ്. നീതി വിളംബപ്പെടുത്തുന്നത് വെറും നീതിനിഷേധം മാത്രമാണ്. നിരാധാരമായ ജോസിന്റെ കുടുംബത്തിന് മദ്യവ്യവസായ തൊഴിലാളികൾ 50,000 രൂപ പിരിച്ചു ചരമവാർഷികദിനത്തിൽ കൊടുക്കുകയുണ്ടായി. ഈ ഗവൺമെന്റ് ആ കുടുംബത്തിന് നിയമസംരക്ഷണംപോലും നൽകിയിട്ടില്ല. ഈ കേസ് ഉടൻ ചാർജ് ചെയ്തു മേൽനടപടികൾ കാര്യമായി മുമ്പോട്ടുകൊണ്ടുപോകാനുള്ള സൻമനസ്സ് ഇനിയെങ്കിലും മുഖ്യമന്ത്രിക്കുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, മരണം, unnatural death ആയിട്ടാണ് ആദ്യം റിപ്പോർട്ടു ചെയ്തിരുന്നത്. ലോക്കൽ പോലീസ് ഇൻവെസ്റ്റിഗേഷൻ നടത്തി. അതിനുശേഷം അത് ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചു. അതിനെത്തുടർന്ന് അവിടത്തെ എസ്. ഐ. ബാബുരാജിനേയും അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, പോലീസ് കോൺസ്റ്റബിൾമാരായ ചക്രപാണി, രഘുനാഥ് എന്നിവരേയും പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർത്തിയായിക്കഴിഞ്ഞാൽ തീർച്ചയായിട്ടും തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(13) തമിഴ്നാട് പോലീസ് കസ്റ്റഡിയിലെടുത്ത കെ. എസ്. ആർ. ടി. സി. ബസ്.

ശ്രീ. ടി. കെ. ആറുമുഖൻ: സർ, ഒരു മാസത്തിലധികമായി അസ്സറിൽ കഴിയുന്ന കെ. എസ്. ആർ. ടി. സി. ബസ്സിനെ ഇതുവരെ മോചിപ്പിച്ചിട്ടില്ല. അംഗീകൃത റൂട്ട് പെർമിറ്റില്ലാതെ ഓടിയ ചിറ്റൂർ—പാലക്കാട്—കോയമ്പത്തൂർ ബസ് (നമ്പർ എസ്. 290) മധുക്കര പോലീസിന്റെ കസ്റ്റഡിയിൽ കഴിയുന്നു. പെർമിറ്റില്ലാതെ ഓടിയതിന്റെ പേരിൽ 14,200 രൂപ കെട്ടിയാൽ മാത്രമേ ബസ് വിട്ടുകൊടുക്കൂ എന്നാണ് കോയമ്പത്തൂർ ആർ. ടി. ഒ. യുടെ നിലപാട്. പാലക്കാട്—പൊള്ളാച്ചി റൂട്ടിലോടാനാണ് ബസ്സിന് പെർമിറ്റുള്ളത്. അത് കോയമ്പത്തൂർ റൂട്ടിൽ ഓടിയെന്നതാണ് കുറ്റം.

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട്—പൊള്ളാച്ചി അന്തർ—സംസ്ഥാന ട്രിപ്പുകൾ റദ്ദ് ചെയ്തശേഷമാണ് കോയമ്പത്തൂർ റൂട്ടിൽ ഓടിച്ചെതെന്നും അതുകൊണ്ട് അനധികൃതമായി ഒന്നും നടന്നിട്ടില്ലെന്നും കെ. എസ്. ആർ. ടി. സി. പറയുന്നുണ്ടെങ്കിലും തമിഴ്നാട് അധികൃതർ അത് അംഗീകരിച്ചിട്ടില്ല. പ്രതിദിനം രണ്ടായിരം രൂപ വരുമാനമുള്ള ബസ് മുടങ്ങിയതുകാരണം ഇതുവരെ കെ. എസ്. ആർ. ടി. സി. ക്കുണ്ടായ നഷ്ടം ഭീമമാണ്. ഇതിനുത്തരവാദികളായവരുടെ പേരിൽ നടപടികൾ സ്വീകരിക്കണമെന്നും കസ്റ്റഡിയിൽ കഴിയുന്ന ബസ്സിനെ ഉടനെ ജാമ്യത്തിൽ ഇറക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, കഴിഞ്ഞ 17—ാം തീയതി ഞാൻ മദ്രാസിലെത്തി അവിടത്തെ ട്രാൻസ്പോർട്ട് മിനിസ്റ്റർ ശ്രീ. മുത്തുസ്വാമിയുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ 17—ാം തീയതിതന്നെ വണ്ടി വിട്ടുകിട്ടിയിട്ടുണ്ട്, ഇപ്പോൾ പ്രശ്നമൊന്നുമില്ല.

(14) ചെല്ലഞ്ചി പാലം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, കല്ലറ—നന്ദിയോട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചെല്ലഞ്ചി പാലത്തിന്റെ പണി ഉടൻ ആരംഭിക്കണമെന്നാണ് എനിക്ക് മന്ത്രിയോട് പറയാനുള്ളത്. ഈ പാലത്തിന്റെ ആവശ്യം ഉന്നയിച്ചിട്ട് ഇരുപതിലേറെ വർഷമായി. 1978—ൽ ഗവൺമെന്റ് ഇതിന്റെ എസ്റ്റിമേറ്റ് അംഗീകരിച്ചു. എസ്റ്റിമേറ്റ് അംഗീകരിച്ചിട്ട് ഇത്രയും നാളായെങ്കിലും ആ എസ്റ്റിമേറ്റ് ഡിസൈനിൽ പോകാനോ ടെൻഡർ പരിപാടികൾ നടത്തുന്നതിനോ ഉള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടില്ല. അതിന്റെ പേപ്പറുകൾ ചുവപ്പുനാടയിൽ കുരുങ്ങിക്കിടക്കുകയാണ്. ഈ പാലം പണിയണമെന്നുള്ള ആവശ്യം വളരെ പ്രധാനപ്പെട്ടതാണ്. പൊൻമുടി, നന്ദിയോട്, നെടുമങ്ങാട് ഈ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതാണ് ഇത്. തിരുവനന്തപുരം ജില്ലയിലെ മലഞ്ചരക്കുവ്യാപാരകേന്ദ്രമാണ് നെടുമങ്ങാട് താലൂക്ക്. ആ മലഞ്ചരക്കു—വ്യാപാര കേന്ദ്രങ്ങളുടെ കേന്ദ്രമാണ് കല്ലറ. ഈ കല്ലറയുമായി ബന്ധിപ്പിക്കാൻ ഈ പാലം പണിതെങ്കിലേ മതിയാകൂ. അടിയന്തിരമായി ഈ പാലം പണിയാനുള്ള നടപടികൾ സ്വീകരിക്കണം. ഒന്നിലധികം തവണ ഈ നിയമസഭയിൽ അങ്ങനെ ഉന്നയിച്ചതാണ്. ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി ഈ കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കണം. ഈ പാലം അടിയന്തിരമായി പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പാലത്തിന്റെ എസ്റ്റിമേറ്റ് പത്തു കൊല്ലം മുമ്പു തയ്യാറാക്കി എന്നു പറഞ്ഞത് ശരിയല്ല. ഇതുവരെയും എസ്റ്റിമേറ്റ് ഉണ്ടാക്കിയിട്ടില്ല. ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞിട്ടുള്ളൂ. അതിന്റെ അലൈൻമെന്റിന് അംഗീകാരം നൽകി കഴിഞ്ഞിട്ടുണ്ട്. ഇനി മണ്ണുപരിശോധനകൂടി കഴിഞ്ഞതിനുശേഷമേ എസ്റ്റിമേറ്റ് ഉണ്ടാക്കുകയുള്ളൂ. അതിനുശേഷം ബാക്കിയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly